ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ മണിപ്പൂർ സന്ദർശനം പുരോഗമിക്കുന്നു. വിവിധ വികസന പദ്ധതികൾക്ക് രാഷ്ട്രപതി ഇന്ന് തുടക്കം കുറിക്കും.

   President Droupadi Murmu's visit to Manipur is underway. The President will inaugurate various development projects today.

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാകും.

   Prime Minister Narendra Modi's three-nation tour to begin on Monday.

3. മുൻ കേന്ദ്ര ആഭ്യന്തര മന്ത്രിശിവരാജ് പാട്ടീൽ അന്തരിച്ചു. അനുശോചിച്ച് പാർലമെൻറിൻറെ ഇരു സഭകളും.

   Former Union Minister Shivraj Patil passes away. Both Houses of Parliament expressed condolences.

4. കോവിഡ് ഡ്യൂട്ടിക്കിടെ മരിച്ച സ്വകാര്യ മേഖലയിലെ ഡോക്ടർമാരുടെ കുടുംബങ്ങൾക്ക് ഗരീബ് കല്യാൺ യോജനയിലെ ഇൻഷുറൻസ് തുക നൽകണമെന്ന് സുപ്രീം കോടതി.

   Supreme Court Extends PMGKY insurance to all doctors who died on COVID duty.

5. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ നാളെ. മാതൃകാ പെരുമാറ്റ ചട്ടം ഈ മാസം 18 വരെ തുടരും.
Counting of votes for the Kerala local body elections will take place tomorrow. The model code of conduct will remain in effect until the 18th of this month.
6. ഏഷ്യാ കപ്പ് അണ്ടർ 19 ക്രിക്കറ്റിൽ ഇന്ത്യ - യുഎഇ മത്സരം പുരോഗമിക്കുന്നു.
India–UAE match in progress in the Asia Cup Under-19 cricket tournament.

*********************

## President - Manipur

രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ മണിപ്പൂർ സന്ദർശനം പുരോഗമിക്കുന്നു. ഇംഫാലിലെ നൂപീ ലാൽ മെമ്മോറിയൽ കോംപ്ലക്സിൽ മണിപ്പൂരിലെ ധീര വനിതകൾക്ക് രാഷ്ട്രപതി ശ്രദ്ധാഞ്ജലി അർപ്പിച്ചു. സേനാപതിയിൽ പൊതുസമ്മേളനത്തെ ശ്രീമതി മുർമ്മു അഭിസംബോധന ചെയ്യുകയാണ്. വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും രാഷ്ട്രപതി ഇന്ന് നിർവഹിക്കും.

*********************

## PM - THREE NATION TOUR

ജോർദാൻ, എത്യോപിയ, ഒമാൻ എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാകും. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ ജോർദാനിൽ എത്തുന്ന അദ്ദേഹം അബ്ദുള്ള രണ്ടാമൻ രാജാവുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ - ജോർദാൻ ബന്ധത്തിന്റെ 75-ാം വാർഷികം

ആഘോഷിക്കുന്ന വേളയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യും. ചൊവ്വാഴ്ച എത്യോപ്യയിൽ എത്തുന്ന ശ്രീ നരേന്ദ്ര മോദി വിവിധ ഉഭയകക്ഷി ചർച്ചകളിലും പങ്കെടുക്കും. ഏകദിന എത്യോപ്യ

സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 17 ന് ഒമാനിലെത്തും.

*********************

## PATIL DEMISE

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്ര ആഭ്യന്തര മന്ത്രിയുമായിരുന്ന ശിവരാജ് പാട്ടീൽ അന്തരിച്ചു. മഹാരാഷ്ട്രയിലെ ലാത്തൂരിലെ വസതിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം. 91 വയസ്സായിരുന്നു. ലോക്സഭാ സ്പീക്കർ, ഗവർണർ ഉൾപ്പെടെ പ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

*********************

## DAY –SHIVRAJ PATIL

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ ശിവരാജ് പാട്ടീലിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ അനുശോചനം രേഖപ്പെടുത്തി. പൊതുജീവിതത്തിൽ ദീർഘകാലം എംഎൽഎ, എംപി, മഹാരാഷ്ട്ര നിയമസഭയുടെയും ലോക്സഭയുടെയും സ്പീക്കർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള പാട്ടീൽ പരിചയസമ്പന്നനായ നേതാവായിരുന്നുവെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*********************

## PARLIAMENT

പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. ശിവരാജ് പാട്ടീലിന്റെ വിയോഗത്തിൽ ലോക്സഭയും രാജ്യസഭയും അനുശോചിച്ചു.പാട്ടീലിന്റെ വിയോഗം രാജ്യത്തിന് വലിയ നഷ്ടമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അനുസ്മരിച്ചു. രാജ്യത്തിൻറെ ഭരണ നിർവഹണത്തിൽ ശിവരാജ് പാട്ടീലിൻറെ സംഭാവനകൾ എടുത്തു പറയേണ്ടതാണെന്ന് രാജ്യസഭ അധ്യക്ഷൻ സി.പി. രാധാകൃഷ്ണൻ പറഞ്ഞു.

*********************

## REV PREZ-VP-PM ANDHRA ACCIDENT

ആന്ധ്രാപ്രദേശിലെ അല്ലൂരി സീതാരാമ രാജു ജില്ലയിലുണ്ടായ ബസ് അപകടത്തിൽ മരണസംഖ്യ ഒമ്പതായി. 22 പേർക്ക് പരിക്കേറ്റു. രാഷ്ട്രപതി ദ്രൗപദി മുർമ്മു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ അനുശോചനം രേഖപ്പെടുത്തി. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടേയെന്ന് അവർ സമൂഹമാധ്യമത്തിൽ കുറിച്ചു. അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ടപരിഹാരം പ്രഖ്യാപിച്ചു.

*********************

## Counting (INTRO)

കേരളത്തിൽ രണ്ട് ഘട്ടങ്ങളിലായി നടന്ന തദ്ദേശതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ നാളെ രാവിലെ എട്ട് മണിക്ക് ആരംഭിക്കും. സംസ്ഥാനത്ത് 244 കേന്ദ്രങ്ങളാണ് നാളത്തെ വോട്ടെണ്ണലിനായി ഒരുക്കിയിരിക്കുന്നത്. അതേസമയം മാതൃകാ പെരുമാറ്റചട്ടം ഈ മാസം 18 വരെ തുടരുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

വിശദാംശങ്ങളിലേക്ക്.......

(വോയ്സ്)

*ആദ്യം പോസ്റ്റൽ വോട്ടുകളാകും എണ്ണുന്നത്. ജില്ലാ പഞ്ചായത്തുകളിലെ പോസ്റ്റൽ ബാലറ്റുകൾ കലക്ടറേറ്റുകളിൽ ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിലും മറ്റ് പോസ്റ്റൽ ബാലറ്റുകൾ അതാത് വരണാധികാരികളുടെ ടേബിളിലും എണ്ണും. ഇതിനു ശേഷമായിരിക്കും വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണി തുടങ്ങുന്നത്. ഇതിനായി ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെ കൺട്രോൾ യൂണിറ്റുകൾ സ്ട്രോങ് റൂമുകളിൽ നിന്ന് ടേബിളുകളിൽ എത്തിക്കും. ഓരോ ബൂത്തും എണ്ണിത്തീരുമ്പോൾ വോട്ടുനില തിരഞ്ഞെടുപ്പ് കമ്മീഷൻറെ ട്രെൻഡ് പോർട്ടലിൽ ലഭ്യമാകും. അതേസമയം, വോട്ടെണ്ണൽ നടക്കുന്നതിനാൽ എല്ലാ സർക്കാർ ട്രഷറികളും നാളെ തുറന്ന് പ്രവർത്തിക്കും. ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു.*
*ന്യൂസ് ഡെസ്ക് ആകാശവാണി.....*

*********************

## CAMPAIGNING

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ഉപയോഗിച്ച പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. റോഡിലും പൊതുസ്ഥലങ്ങളിലുമുള്ള പ്രചരണബോർഡുകൾ, ബാനറുകൾ എന്നിവ ഉടൻ നീക്കം ചെയ്യാൻ സ്ഥാനാർത്ഥികളും രാഷ്ട്രീയപാർട്ടികളും മുൻകൈയെടുക്കണമെന്നും കമ്മീഷൻ അറിയിച്ചു.

*********************

## LSG POLL

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ മികച്ച പോളിംഗ്. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലേക്ക് ഇന്നലെ നടന്ന തിരഞ്ഞെടുപ്പിൽ 76.08 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. രണ്ട് ഘട്ടങ്ങളിലായി നടന്ന തിരഞ്ഞെടുപ്പിൽ 14 ജില്ലകളിലെ ആകെ പോളിങ് ശതമാനം 73.69 ആണ്.

*********************

## SIR REVISED STATEMENT

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിനുള്ള സമയപരിധി 6 ഇടങ്ങളിൽ പുനർനിശ്ചയിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പുതുക്കിയ സമയക്രമ പ്രകാരം, തമിഴ്നാടും ഗുജറാത്തും ഈ മാസം 14-നകം പ്രവർത്തനം പൂർത്തിയാക്കണം. മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ഈ മാസം 18 വരെയും ഉത്തർപ്രദേശിൽ ഡിസംബർ 26 വരെയുമാണ് നീട്ടിയത്. കേരളത്തിന് ഈ മാസം 18 വരെ ഫോമുകൾ നൽകാവുന്നതാണ്.

*********************

## SIR-KERALA

കേരളത്തിൽ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ടുകോടി 75 ലക്ഷത്തി 99,466 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ.യു. കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 99. 10 ശതമാനമാണെന്നും അദ്ദേഹം അറിയിച്ചു.

**********************

## SC- DOCTORS

കോവിഡ് ഡ്യൂട്ടിക്കിടെ മരിച്ച സ്വകാര്യമേഖലയിലെ ഡോക്ടർമാരുടെ കുടുംബങ്ങൾക്കും ഗരീബ് കല്യാൺ യോജന പ്രകാരം 50 ലക്ഷം രൂപയുടെ ഇൻഷുറൻസ് നൽകണമെന്ന് സുപ്രീം കോടതി. ഇൻഷുറൻസ് പരിരക്ഷയിൽ നിന്ന് സ്വകാര്യ പ്രാക്ടീഷണർമാരെ ഒഴിവാക്കിയ ബോംബെ ഹൈക്കോടതി വിധി പരമോന്നത കോടതി റദ്ദാക്കി. കോവിഡ് പ്രതിസന്ധികാലത്ത് എല്ലാ ഡോക്ടർമാരുടെയും സേവനം സർക്കാർ ആവശ്യപ്പെട്ടിരുന്നതായി കോടതി നിരീക്ഷിച്ചു.

**********************

## IIFK (INTRO)

കേരള അന്താരാഷ്ട്ര ചലച്ചിത്രോൽസവത്തിന്റെ മുപ്പതാം പതിപ്പിന്റെ ഉദ്ഘാടനം ഇന്നു വൈകിട്ട് തിരുവനന്തപുരം നിശാഗന്ധിയിൽ നടക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.
(വോയ്സ്.......)

**********************

## ASIA CUP

ദുബായിൽ നടക്കുന്ന ഏഷ്യാ കപ്പ് അണ്ടർ 19 ക്രിക്കറ്റ് ഏകദിന ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ - യുഎഇ മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ യുഎഇ ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 33.2 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 266 റൺസ് എടുത്തിട്ടുണ്ട്.

ഞായറാഴ്ച ഇന്ത്യ പാകിസ്ഥാനെ നേരിടും. ഈ മാസം 21-നാണ് ഫൈനൽ.

*********************

## SQUASH WORLD CUP

ചെന്നൈയിൽ നടക്കുന്ന സ്ക്വാഷ് ലോകകപ്പിന്റെ രണ്ടാം പൂൾ ബി മത്സരത്തിൽ ബ്രസീലിനെ പരാജയപ്പെടുത്തി ഇന്ത്യ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. അടുത്ത മത്സരത്തിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും.

*********************

## Actress attacked case

നടി ആക്രമിക്കപ്പെട്ട കേസിലെ ആറ് പ്രതികളുടെ ശിക്ഷാവിധി അൽപസമയത്തിനകം. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് വിധി പറയുന്നത്. കേസിൽ ആദ്യ ആറ് പ്രതികളും കുറ്റക്കാരെന്ന് കോടതി നേരത്തെ കണ്ടെത്തിയിരുന്നു. ബലാത്സംഗം, ഗൂഢാലോചന, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റങ്ങളാണ് ഇവർക്കെതിരെയുള്ളത്. കേസിലെ 8-ാം പ്രതിയായ നടൻ ദിലീപിനെ കോടതി വെറുതെ വിട്ടു.

*********************

## Muziris Biennale

കൊച്ചി-മുസിരിസ് ബിനാലെ ആറാം പതിപ്പിന് ഇന്ന് തുടക്കം. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ വൈകിട്ട് 5.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ബിനാലെ ഉദ്ഘാടനം ചെയ്യും. 110 ദിവസം നീളുന്ന ബിനാലെ അടുത്ത വർഷം മാർച്ച് 31 ന് സമാപിക്കും.

*********************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . സെൻസെക്സ് 393 പോയിന്റ് ഉയർന്ന് 85, 211 ലും, നിഫ്റ്റി 122 പോയിന്റ് നേട്ടത്തിൽ 26,020 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണ വിലയിൽ വൻ വർധന. പവന് 1400 രൂപ വർധിച്ച് 97,2 80 രൂപയും ഗ്രാമിന് 12 ,160 രൂപയുമാണ് ഇന്നത്തെ വില .

*********************

## Rajani Kanth-PM

ഇന്ന് 75-ാം ജന്മദിനം ആഘോഷിക്കുന്ന വിഖ്യാത നടൻ രജനീകാന്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. ചലച്ചിത്ര ലോകത്ത് 50 വർഷം പൂർത്തിയാക്കുന്ന രജനീകാന്തിൻറെ അതുല്യ സംഭാവനകളെ കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി രജനീകാന്തിന്റെ അഭിനയം തലമുറകളോളം പ്രേക്ഷകരെ ആകർഷിച്ചതായി അഭിപ്രായപ്പെട്ടു.

*********************

## REV. BANGLA POLL- AWAMI LEAGUE

ബംഗ്ലാദേശിൽ സ്വതന്ത്രവും പങ്കാളിത്തപരവുമായ പൊതുതെരഞ്ഞെടുപ്പ് നടത്താൻ ആവശ്യപ്പെട്ട് ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ അവാമി ലീഗ് പാർട്ടി. തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ച ഷെഡ്യൂൾ പാർട്ടി നിരസിച്ചു. അടുത്ത വർഷം ഫെബ്രുവരി 12 ന് പൊതുതെരഞ്ഞെടുപ്പ് നടത്തുമെന്ന് ബംഗ്ലാദേശ് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ എ.എം.എം. നാസിർ ഉദ്ദീൻ പ്രഖ്യാപിച്ചിരുന്നു. ഇടക്കാല സർക്കാർ അവാമി ലീഗിന്റെ എല്ലാ പ്രവർത്തനങ്ങളും നിരോധിച്ചു.

*********************

## REV. JAPAN EARTHQUAKE

ജപ്പാനിൽ 6.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം റിപ്പോർട്ട് ചെയ്തു. എയമോറി പ്രിഫെക്ചറിൽ ഇന്ന് രാവിലെയാണ് ഭൂകമ്പം റിപ്പോർട്ട് ചെയ്തത്. കേപ് എറിമോയിൽ നിന്ന് 120 കിലോമീറ്റർ തെക്ക് പടിഞ്ഞാറൻ മേഖലയിലാണ് ഭൂകമ്പം ഉണ്ടായതെന്ന് ജപ്പാൻ കാലാവസ്ഥാ ഏജൻസി അറിയിച്ചു. സുനാമി മുന്നറിയിപ്പും പുറപ്പെടുവിച്ചിട്ടുണ്ട്.അതേസമയം വടക്കൻ ജപ്പാൻറെ പസഫിക് തീരത്ത് മുന്നറിയിപ്പ് പിൻവലിച്ചിട്ടുണ്ട്. തിങ്കളാഴ്ച ഇതേ മേഖലയിൽ 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായിരുന്നു.

*********************

***************

**********